"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് -പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പീരുമേട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പെയിന്റിംഗ് വർക്കുകൾ നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.352/2025/SCSTD തീയതി,തിരുവനന്തപുരം, 29-05-2025

---

പരാമർശം:- 1. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 21/4/2025 തീയതിയിലെ SCDD/3408/2024-C1 (EDN C) നമ്പർ കത്ത്.

2. 26/4/2025 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പിനു കീഴിൽ ഇടുക്കി ജില്ലയിൽ പ്രവർത്തിക്കുന്ന പീരുമേട് മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലും, ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും ഡോർമിറ്ററികളിലും അടിയന്തരമായി പെയിന്റിംഗ് ചെയ്യേണ്ടതുണ്ടെന്നും ആയതിലേയ്ക്കായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, മുട്ടം, റീജയണൽ എഞ്ചിനീയർ തയ്യാറാക്കിയ 59,00,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചു നൽകണമെന്നും നടപ്പ് സാമ്പത്തിക വർഷത്തെ 4225-01-277-82 (P) എന്ന ശീർഷകത്തിൽ നിന്നും തുക കണ്ടെത്തി ടി പ്രവൃത്തി നടപ്പിലാക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ 26/04/2025 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം ഇനം നം 6 പ്രകാരം കുട്ടികളെ ആകർഷിക്കാൻ കഴിയുന്ന തരത്തിലുള്ള പെയിന്റിംഗ് പാറ്റേണുകൾ എല്ലാ എം.ആർ.എസുകളിലും ഉണ്ടായിരിക്കണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി അംഗീകാരം നൽകിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി വികസന വകുപ്പിനു

കീഴിൽ ഇടുക്കി ജില്ലയിൽ പ്രവർത്തിക്കുന്ന പീരുമേട് മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലും, ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും ഡോർമിറ്ററികളിലും പെയിന്റിംഗ് വർക്കുകൾ ചെയ്യുന്നതിനായി 59,00,000/- (അൻപത്തൊൻപത് ലക്ഷം രൂപ മാത്രം) രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 4225-01-277-82 (P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു. കുട്ടികളെ ആകർഷിക്കാൻ കഴിയുന്ന തരത്തിലുള്ള പെയിന്റിംഗ് പാറ്റേണുകൾ എല്ലാ എം.ആർ.എസുകളിലും ഉണ്ടായിരിക്കണം എന്ന വ്യവസ്ഥ പാലിക്കുന്നുണ്ടെന്ന് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

G S SAGINA

അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&,എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർ സെക്ടർ ),കേരളം, തിരുവനന്തപുരം.

ചീഫ് വികേന്ദ്രീത ആസൂത്രണ വിഭാഗം, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി2) സീറ്റ്

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
H Suni
Date: 30-05-2025 10:20:03

[illegible]

ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ് - ന്.